വെന്നും അതിൽനിന്ന് 341 ഹെക്ടർ സ്ഥലം കൃഷിക്ക് പറ്റുകയില്ലെന്ന് സോയിൽ കൺസർവേഷൻ വിഭാഗം പറഞ്ഞതിനെതുടർന്ന് വീണ്ടും അത് വനത്തിന്റെ ഭാഗമായിട്ട് നിലനിൽക്കുകയായിരുന്നു. ആദ്യം കൊടുത്തപ്പോഴും dissever ചെയ്യാത്തതുകൊണ്ട് വനഭൂമിയുടെ പട്ടികയിൽതന്നെയാണ് ആ സ്ഥലം ഇപ്പോഴും നിൽക്കുന്നത്. 1981-ൽ പ്ലാന്റേഷൻ കോർപ്പറേഷന് ആ സ്ഥലം വിട്ടുകൊടുത്തതായിട്ട് തീരുമാനമെടുത്തെങ്കിലും 1980-ൽ വന്ന നിയമത്തിന്റെ പരിധിയിൽപ്പെടുന്നതുകൊണ്ട് ഇന്ത്യാഗവൺമെന്റിന്റെ അനുവാദം വേണമെന്നതാണ് ഇപ്പോഴത്തെ അവസ്ഥ. ഏതായിരുന്നാലും ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ഇന്ത്യാഗവൺമെന്റിന്റെ അനുവാദം എത്രയുംവേഗം വാങ്ങിച്ച് ഈ സ്ഥലം പ്ലാന്റേഷൻ കോർപ്പറേഷന് നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(8) തൃശ്ശൂർ—കുന്നംകുളം റോഡിന്റെ ശോച്യാവസ്ഥ

ശ്രീ. കെ. പി. അരവിന്ദാക്ഷൻ: സർ, തൃശ്ശൂർ—കുന്നംകുളം റോഡിൽ (എ. കെ. ജി. മുതൽ കുന്നംകുളം വരെയുള്ള പ്രദേശം പ്രത്യേകിച്ച് തുടർച്ചയായി വാഹന അപകടങ്ങളുടെ ഒരു കേന്ദ്രമായിരിക്കുകയാണ്. അവിടെ കഴിഞ്ഞ ആഴ്ചയിൽ സംഭവിച്ച വാഹന അപകടത്തിൽ മരിച്ചവരുടെ കുടുംബങ്ങൾക്ക് ആശ്വാസം നൽകണമെന്നാണ് സഭയിൽ ഇപ്പോൾതന്നെ ശ്രീമാൻ കുഞ്ഞാലിക്കുട്ടി ആവശ്യപ്പെട്ടത്. വാഹന അപകടങ്ങൾ ഉണ്ടാകുന്നതിന്റെ മുഴുവൻ ഉത്തരവാദിത്വവും പി. ഡബ്ലിയു. ഡി. ക്കും ഗവൺമെന്റിനുമല്ലാതെ മറ്റാർക്കുമല്ല. നാഷണൽ ഹൈവേ പണിയാരംഭിച്ച് കൈപ്പറമ്പുവരെ ആയതിനുശേഷം ഡൈവർട്ട് ചെയ്തതാണ്. അവിടെനിന്ന് അങ്ങോട്ട് ഗുരുവായൂരിലേക്കുള്ള ദേശീയപാത നിർമ്മിക്കുന്നതിനുള്ള പദ്ധതി സംസ്ഥാന ഗവൺമെന്റ് അംഗീകരിക്കുകയും സെൻട്രൽ റോഡ് ഫണ്ടിൽനിന്ന് പകുതി സംഖ്യ വഹിക്കുന്നതിന് ആവശ്യമായ രീതിയിൽ ഉത്തരവാക്കുകയും ചെയ്തതാണ്. ആ പദ്ധതി മനഃപൂർവ്വം മാറ്റിവച്ചു. മാറ്റിവച്ചപ്പോൾ പറഞ്ഞ ന്യായീകരണം ആ റോഡ് ഡവലപ്പ്മെന്റ് നടത്തുമെന്നാണ്. ഗുരുവായൂർ റെയിൽവേയുമായിട്ട് ബന്ധപ്പെടുന്ന സ്ഥലമല്ല. തൃശ്ശൂരിനും കോഴിക്കോടിനും പോകുന്ന തീർത്ഥാടകർ, യാത്രക്കാർ തുടങ്ങി ഏറ്റവും കൂടുതൽ വാഹനങ്ങൾ ഓടുന്ന റോഡാണ്. ആ റോഡ് ഡവലപ്പ് ചെയ്യുന്നതിനുവേണ്ടി ഒന്നും ചെയ്യാതെ ഗുരുവായൂർ ദേശീയ പാതയുടെ നിർമ്മാണം മനഃപൂർവ്വം ഉപേക്ഷിച്ച് ആ റോഡിന് ഡവലപ്പ്മെന്റ് നടത്താത്തതിന്റെ ഫലമായാണ് വാഹനത്തിരക്കുമൂലം അവിടെ ആഴ്ചയിൽ ഒന്ന് എന്ന രീതിയിൽ റോഡപകടങ്ങൾ നടന്നുകൊണ്ടിരിക്കുന്നത്. ഇതിനെക്കുറിച്ച് എന്തെങ്കിലും ചെയ്യാൻ സാധിച്ചില്ലെങ്കിൽ റോഡപകടത്തിൽ അവിടെ വീണുമരിക്കുന്നവർക്ക് സ്ഥിരമായി എന്തെങ്കിലും ആശ്വാസം നൽകുന്നതിന് ഒരു നിയമനിർമ്മാണമെങ്കിലും വേണം സർ. അതൊന്നുമില്ലാതെ അവിടെ ഒരു മരണക്കെണി ഏർപ്പെടുത്തിയാൽ ആ മരിച്ചവരുടെ ആത്മാവ് ഈ മരാമത്തുവകുപ്പുമന്ത്രിയെ വെറുതെ വിടുമോ സർ? അത്ര വലിയ പാപമല്ലേ ചെയ്യുന്നത്?

ഉപമുഖ്യമന്ത്രി (ശ്രീ. അവുക്കാദർകുട്ടി നഹ): സർ, വാഹന അപകടങ്ങളുണ്ടാകുന്നത് റോഡിന്റെ ശോച്യാവസ്ഥകൊണ്ടു മാത്രമല്ല. ഏറ്റവും നല്ല റോഡുകളിൽപ്പോലും വാഹന അപകടം ഉണ്ടാകുന്നുണ്ട്, പക്ഷേ

LIBRARY ARCHIVES Kerala Legislative Assembly

ഇത് പ്രശ്നം വേറെയാണ്. ഇടദേഹത്തിന്റെ ആവശ്യം വാഹന അപകടത്തെ സംബന്ധിച്ചല്ല. ഈ റോഡ് ദേശീയ പാതയാക്കണമെന്നുള്ള ആവശ്യം ഇവിടെ ഉന്നയിക്കാൻ വേണ്ടിയാണ്. ഇതിനുമുമ്പും ഇത് ഇവിടെ ഉന്നയിച്ചതാണ്; മറുപടിയും പറഞ്ഞതാണ്. അദ്ദേഹം പറഞ്ഞ പകുതി സംഖ്യ കേന്ദ്രം തരാമെന്നൊന്നും ഏറ്റിട്ടില്ല. 67 ലക്ഷത്തിൽപ്പരം രൂപയാണ് അന്ന് ഇതിന് എസ്റ്റിമേറ്റ് കണക്കാക്കിയത്. അന്ന് കേന്ദ്രഗവൺമെന്റ് 30 ലക്ഷം രൂപ തരാമെന്നു പറഞ്ഞു. അതിന്റെ നടപടികളെല്ലാം മുമ്പോട്ടു വന്നപ്പോൾ 1986-ലെ റിവൈസ്ഡ് ഷെഡ്യൂൾ പ്രകാരം 3 കോടി രൂപ ചെലവു വരും. അതിന് കേന്ദ്രം പറയുന്നത് അന്നു പറഞ്ഞ 30 ലക്ഷം രൂപ തരാമെന്നാണ്. നമ്മുടെ സർക്കാരിന് എത്രകോടി ചെലവു വന്നാലും കേന്ദ്രം 30 ലക്ഷം രൂപയിൽനിന്നും ഒരടി മുമ്പോട്ടു പോകുകയില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. അതിന്റെയടിസ്ഥാനത്തിൽ കേന്ദ്ര ദേശീയ പാത എന്നുള്ള നിലയ്ക്ക് ആ റോഡ് നിർമ്മിക്കാൻ സാദ്ധ്യമല്ല. അതുകൊണ്ട് സ്റ്റേറ്റ് ഗവൺമെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി എന്തുചെയ്യാൻ കഴിയുമെന്നുള്ളതു പരിശോധിച്ചുവരികയാണ്.

(9) ഉദുമ ടെക്സ്റ്റയിൽ മില്ലിന്റെ പുനരുദ്ധാരണം

ശ്രീ. കെ. പുരുഷോത്തമൻ: സർ, വ്യവസായരഹിത ജില്ലയായ കാസർകോഡിൽ അനുവദിച്ച ഏക വ്യവസായ സംരംഭമായിരുന്നു ഉദുമ ടെക്സ്റ്റയിൽസ്. അത് ഇന്ന് ഉപേക്ഷിച്ചിരിക്കുന്നുവെന്നാണ് അറിയുന്നത്. കേന്ദ്ര ഗവൺമെന്റിന്റെ പുതിയ ടെക്സ്റ്റയിൽ നയമനുസരിച്ച് ആ മിൽ പ്രവർത്തനം നടത്താൻ സാദ്ധ്യതയില്ലെന്ന് അറിയുന്നു. 46 ലക്ഷത്തോളം രൂപ ഇതിനകം ചെലവഴിച്ചു കഴിഞ്ഞു. 1982-ൽ ഉദ്ഘാടനം ചെയ്യപ്പെട്ട ഈ മില്ലിന്റെ പ്രവർത്തനം വളരെ മന്ദഗതിയിലായതുകൊണ്ടാണ് അതിന്റെ പ്രവർത്തനം നടക്കാതെ പോയത്. 26 ലക്ഷത്തോളം രൂപ ഒരു വർഷത്തിനകത്തുതന്നെ അഡ്വാൻസായിട്ട് നൽകിയിട്ടുണ്ട്. 46 ലക്ഷം രൂപയോളം ചെലവഴിച്ചിട്ടും ഈ വ്യവസായ സംരംഭം ഉപേക്ഷിക്കുന്നതിനോട് കാസർകോട്ടെ ജനങ്ങൾക്ക് അതിയായ ഉൽക്കണ്ഠയുണ്ട്. ഈ വ്യവസായം പുനരാരംഭിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്): സർ, ഉദുമ സ്പിന്നിംഗ് മില്ലിനെ സംബന്ധിച്ച് ഇതിനുമുമ്പും നിയമസഭയിൽ പറഞ്ഞതാണ്. സംസ്ഥാന ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം അവിടെ സ്പിന്നിംഗ് മിൽ വേണമെന്ന കാര്യത്തിൽ വളരെയധികം ആകാംക്ഷയുണ്ട്. അതിനുള്ള ശ്രമങ്ങളും നടത്തിയിട്ടുണ്ട്. പക്ഷേ സ്പിന്നിംഗ് മില്ലുകളുടെ കാര്യത്തിൽ ഒരു പടികൂടി മുന്നോട്ടു പോകാൻ പാടില്ലെന്ന് കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശമുള്ളതുകൊണ്ട് മാത്രമാണ് ഇങ്ങനെ വന്നത്. എന്നാൽ അതേയവസരം സ്പിന്നിംഗ് മില്ലിനു പകരം അവിടെ സിന്തറ്റിക് യാൺ ഉൽപ്പാദിപ്പിക്കുന്ന ഒരു വ്യവസായമായി അതിനെ മാറ്റാൻ സാധിക്കുമോയെന്നുള്ള കാര്യമാണ് സംസ്ഥാന ഗവൺമെന്റ് പരിശോധിച്ചുവരുന്നത്. അതും നാഷണൽ ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷനുമായി ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. അതോടൊപ്പം തന്നെ കാസർകോഡ് സെറി കൾച്ചറിനുള്ള ഒരു വലിയ പ്രോജക്ട് സംസ്ഥാന ഗവൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly